بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 18/12/2015

**(06 RABIUL / AWWAL 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## "TV'S HARMFUL EFFECTS" PART 3 / ടി.വിയുടെ ദുസ്വാധീനങ്ങൾ ഭാഗം 3

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ടിവിയുടെ ദുസ്വാധീനത്തിന്റെ മൂന്നാം ഭാഗം പ്രഭാഷണത്തിലേക്ക് പ്രവേശിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ടിവിയുടെ ദുസ്വാധീനം എന്ന വിഷയത്തിന്റെ മൂന്നാം ഭാഗം അവതരിപ്പിക്കുവാനുള്ള അവസരം നൽകിയിരിക്കുകയാണ്. തീർച്ചയായും നിങ്ങൾ ടി.വി കണ്ടുകൊണ്ട് നഷ്ടപ്പെടുത്തുന്ന സമയം ഒരിക്കലും നിങ്ങൾക്ക് തിരികെ ലഭിക്കുന്നതല്ല. അതുപോലെ ഈ ലോകത്ത് നിന്ന് വിടപറയുവാൻ നിങ്ങളുടെ മുമ്പിൽ ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നു എന്നതും നിങ്ങൾക്ക് ഒരു രീതിയിലും മനസ്സിലാക്കുവാനും സാധ്യമല്ല. ആയതിനാൽ അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിൽ അവശേഷിക്കുന്ന ദിനങ്ങളിൽ പരമാവധി ചെയ്യുക. അവനോട് പാപമോചനത്തിനായി അർത്ഥിക്കുക. കരുണയ്ക്കായി യാചിക്കുക. മതപരമായ ജോലികൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ വഴിയിൽ നിങ്ങളുടെ മുഴുവൻ സമയവും ചെലവഴിക്കുക. തൗഹീദിന്റെ സന്ദേശം പ്രചരിപ്പിക്കുവാനായി നിങ്ങളുടെ ധനം ചെലവഴിക്കുക. ദൈവീക സന്തോഷമോ, ദൈവീക പ്രതിഫലമോ ലഭ്യമല്ലാത്ത പ്രയോജനരഹിതമായ കൃത്യാന്തരങ്ങളിൽ നിങ്ങളുടെ ധനം ചെലവഴിക്കരുത്.

ഭൂമുഖത്ത് നാം ആർജ്ജിക്കുന്ന സാധനങ്ങൾ അനേകം ഉണ്ടെങ്കിലും, നാം ആഗ്രഹിക്കുന്ന നിലയിൽ അത് ചെലവഴിക്കുവാനുള്ള അവകാശം നമുക്കില്ല, കാരണം ഈ സാധനങ്ങളെല്ലാം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. നമ്മുടെ ശരീരം, നമ്മുടെ ശക്തി, നമ്മുടെ സമയം, നമ്മുടെ ധനം, നമ്മുടെ അറിവ് തുടങ്ങിയവ.

ടി.വിയെ സംബന്ധിച്ച് പറഞ്ഞാൽ, ഇത് നമ്മുടെ സമയവും ധനവും നഷ്ടപ്പെടുത്തുന്നു. ഇത് ദൈവകൽപന നിരാസമാണ്. ഇത് നമ്മെ അലസന്മാരാക്കി തീർക്കുകയും ചെയ്തു. ടി.വിയുടെ മുമ്പിൽ ചെലവഴിക്കുന്ന ഓരോ സെക്കന്റും, നിങ്ങളുടെ നിലനിൽപ്പിനെ തന്നെ നഷ്ടപ്പെടുത്തുകയാണ്. ഒരു ദിവസം നിങ്ങളുടെ സൃഷ്ടാവിന്റെ മുമ്പിൽ നിങ്ങൾ നിശ്ചയമായും കണക്ക് ബോധിപ്പിക്കേണ്ടി വരും. നിങ്ങളുടെ ടി.വി. സെറ്റ് രാവും പകലും പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ വൈദ്യുതി ചെലവ് വളരെയധികം ഉയരുന്നു. ഇത് നിശ്ചയമായും നിങ്ങളുടെ ധനം നഷ്ടപ്പെടുത്തലാണ്. ദേശീയ ടെലിവിഷൻ ചാനലിന് പുറമെ മറ്റു പ്രൈവറ്റ് ചാനലുകളുടെയും വരിക്കാരനാകുന്നു. ഓരോ മാസവും നിങ്ങൾ അതിനെല്ലാം രൂപകൊടുക്കേണ്ടി വരുന്നു. അല്ലാഹു (ത) നിങ്ങൾക്ക് നൽകിയ എല്ലാ ധനത്തിനും ഒരു ദിവസവും നിങ്ങൾ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്ന് നിങ്ങൾ നല്ലപോലെ മനസ്സിലാക്കണം. ആയതിനാൽ, നിങ്ങളുടെ ധനം നഷ്ടപ്പെടുത്തുന്നതിന് പകരം, ജമാഅത്തിന്റെ ഖജനാവിൽ നല്ല കാര്യങ്ങൾ ചെയ്യുവാനായി നിക്ഷേപിക്കുക, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. ഇത് നിങ്ങൾക്ക് നിശ്ചയമായും അനുഗ്രഹപ്രദമായിരിക്കും. നിങ്ങളുടെ ധനത്തിൽ അവൻ അവന്റെ അനുഗ്രഹങ്ങൾ ഇറക്കും. നിങ്ങളുടെ ഭവനങ്ങളിലും അവൻ അനുഗ്രഹങ്ങൾ

ഇറക്കും. ഇൻശാ അല്ലാഹ് . പരലോകത്ത് വച്ച് നിങ്ങൾക്ക് അതിമഹത്തായ പ്രതിഫലങ്ങൾ നൽകുന്നതുമാണ്. ഈ ലോകത്ത് നിങ്ങൾ വിതയ്ക്കുന്നത് പരലോകത്ത് കൊയ്യും. തികച്ചും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ നല്ല പ്രവർത്തികൾ ചെയ്താൽ ഈ ലോകത്തും നാളെ പരലോകത്തും നിങ്ങൾക്ക് അനന്തമായ പ്രതിഫലം ലഭിക്കുന്നതാണ്. നിശ്ചയമായും പരലോക പ്രതിഫലമാണ് സമുന്നതമായതും, മഹത്വപൂർണ്ണമായതും.

ടി.വിയുടെ മുമ്പിൽ ചെലവഴിച്ച സമയം നഷ്ടപ്പെട്ടതു തന്നെയാണ്. സമയം മാത്രമല്ല നിങ്ങളുടെ ധനവും, അല്ലാഹുവിന്റെ സ്നേഹവും നഷ്ടപ്പെടുന്നതാണ്. നിങ്ങളുടെ ഭവനം അനുഗ്രഹങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടതുമായിരിക്കും. മാത്രമല്ല, ഇത് നിങ്ങളുടെ ആരോഗ്യം ക്ഷയിപ്പിക്കും, നിങ്ങളുടെ നയനങ്ങൾ ദുർബലങ്ങളായി തീർന്നുകൊണ്ടിരിക്കും. ദൈർഘ്യമേറിയ ടിവി പരിപാടികൾ നിങ്ങളെ അലസനാക്കി തീർക്കും. നിങ്ങളുടെ പൈശാചിക വശത്തിന് ഉത്തേജനം ലഭിക്കുന്നതുമാണ്. നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അധ്യാപനങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നതാണ്. ഇതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾ അല്ലാഹു പരിപൂർണ്ണമാക്കിയ മതത്തെ അതായത് ഇസ്ലാമിനെ നശിപ്പിക്കുവാൻ ഇത് ഒരു മാധ്യമമായി ഉപയോഗപ്പെടുത്തുന്നു. ഓരോ മുസ്ലീമും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. അതായത് എത്ര മഹത്തായ രീതിയിലാണ് ഈ ലോകത്ത് ഓക്സിജൻ ഉപയോഗിക്കുവാൻ അല്ലാഹു (ത) അനുവദിച്ചിരിക്കുന്നത് എന്ന്. ഈ അനുവാദം നൽകിയിരിക്കുന്നത് അവന് ഇബാദത്ത് ചെയ്യുന്നതിന് വേണ്ടിയാണ്. നമസ്ക്കാരത്തോടൊപ്പം, അല്ലാഹുവിന്റെ സന്തോഷം കൊയ്തെടുക്കുവാനുള്ള എല്ലാ പ്രവർത്തനങ്ങളും ആരാധന തന്നെയാണ്. ആയതിനാൽ ആ ചോദ്യം നിങ്ങളോട് തന്നെ ചോദിക്കുക. ടിവി കാണുന്നത് വിശിഷ്യാ നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്ന, കുടുംബത്തെ നശിപ്പിക്കുന്ന, പരിതസ്ഥിതിയെ നശിപ്പിക്കുന്ന, അശ്ലീല സിനിമകളും പരിപാടികളും ഇബാദത്തിന്റെ ഭാഗമായി കാണുവാൻ കഴിയുമോ ? ഇതിനാണോ അല്ലാഹു (ത) നമ്മെ ഭൂമിയിലേക്ക് അയച്ചത് ? നമ്മോട് പൂർത്തീകരിക്കുവാൻ പറഞ്ഞ കാര്യങ്ങൾ ഇതാണോ ?

നിങ്ങളെന്താണ് ? വെറും ഒരു യാത്രക്കാരൻ ! ആ നിശ്ചിത സമയം ആസന്നമാകുമ്പോൾ ഈ താത്ക്കാലിക ലോകത്തെ ഉപേക്ഷിക്കേണ്ടതല്ലെ ? അപ്പോൾ നിങ്ങൾ അല്ലാഹു (ത) യോട് പറയുമോ ? യാ അല്ലാഹ് ! എനിക്ക് കൂടുതൽ സമയം നൽകിയാലും അങ്ങനെയായാൽ ഞാൻ നിന്റെ നല്ല ദാസന്മാരിലൊരാളായി തീരാം. അല്ലാഹു പറയും. നിനക്ക് യാതൊരു ഒഴിവു കഴിവുമില്ല. നിന്റെ വിസാ ഇനി ഇവിടെ പുതുക്കുന്നതല്ല. നിനക്ക് ജീവിക്കുവാൻ അനുവദിച്ച ദിവസങ്ങൾ പൂർത്തിയായിരിക്കുന്നു. അതിനിടയിൽ നീ എന്റെ നല്ലവരായ സേവകന്മാരിൽ ആയിത്തീരേണ്ടതായിരുന്നു. എന്നാൽ നിന്റെ വിലപ്പെട്ട സമയങ്ങളും ദിവസങ്ങളും ദുഃസ്വാധീനം ചെലുത്തുന്ന ടിവിയുടെ മുമ്പിൽ ചെലവഴിക്കപ്പെട്ടു. താരതമ്യം ചെയ്താൽ നിനക്ക് ടിവിയിൽ നിന്നും വളരെ കുറച്ച് നന്മയെ ലഭ്യമായിട്ടുള്ളൂ. എന്നാൽ അതിന്റെ ദുഃസ്വാധീനം വളരെ വളരെ വലുതായിരുന്നു.

സമാധാനത്തോടെ ജീവിക്കുവാനാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. നമ്മളിൽ സമാധാനം ഉണ്ടെങ്കിൽ നമുക്ക് ചുറ്റുമുള്ളവർക്കും സമാധാനം നൽകുവാൻ കഴിയും. നമ്മുടെ പ്രിയപ്പെട്ടവരോടും, ലോകത്തോട് പൊതുവിലും ക്രൂരമായി പെരുമാറുവാൻ ഇസ്ലാം പഠിപ്പിക്കുന്നില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കുവാൻ ഇസ്ലാം പഠിപ്പിക്കുന്നില്ല. കലിമ ഉച്ചരിക്കുന്ന ഓരോ മനുഷ്യനെയും നമ്മുടെ സഹോദരനായി കാണുവാൻ മാത്രമല്ല ഇസ്ലാം പഠിപ്പിക്കുന്നത്, മറിച്ച് അവന്റെ ജീവനും, അവന്റെ അഭിമാനവും, അവന്റെ ധനവും പരിപാവനമാണ്. വിശുദ്ധ ഖുർ ആൻ നമുക്ക് അതിപരിപാപനമായതുപോലെ (കാരണം അത് അല്ലാഹുവിന്റെ വാക്കുകളാണ്) ടിവിയെ സംബന്ധിച്ചിടത്തോളം നിങ്ങളെയും നിങ്ങളുടെ സന്താനങ്ങളെയും, ദിവസവും അത് പഠിപ്പിക്കുന്നത് ഭീകരതയും പ്രതികാരവുമാണ്. ഇതു കാണുന്ന നിങ്ങൾ ഇതു ചെയ്യുവാനായി തയ്യാറാകുന്നു. അങ്ങനെ സമാധാനം അപ്രത്യക്ഷമാകുന്നു. സുരക്ഷിതത്വമില്ലാത്തവനായി നിങ്ങൾ മാറുന്നു. ആയതിനാൽ നിങ്ങൾ സ്വയം ചിന്തിക്കുക. ടി.വി നിങ്ങളെയും നിങ്ങളുടെ കുട്ടികളെയും കാണിച്ചുകൊണ്ടിരി

ക്കുന്ന അധ്യാപനങ്ങൾ എത്രമാത്രം ഭീകരമാണ് ? മറ്റുള്ളവരെ അത് എങ്ങനെയാണ് ഒരു വ്യവസായം എന്ന നിലയിൽ കൊള്ളയടിക്കുന്നത്. ചിന്തിക്കൂ !

വളരെയധികം ചിരിക്കുവാൻ ഇസ്ലാം നമ്മെ പഠിപ്പിക്കുന്നില്ല. അമിത ചിരി ഹൃദയത്തെ മരിപ്പിക്കുന്നതാണ്. ടിവിയെ സംബന്ധിച്ച് പറഞ്ഞാൽ അതിലെ ഹാസ്യ പരിപാടികൾ കാണുമ്പോൾ നിങ്ങളും നിങ്ങളുടെ കുട്ടികളും ചിരിച്ചുകൊണ്ടേയിരിക്കും. അത് സഭ്യതയ്ക്ക് നിരക്കുന്നതല്ലെങ്കിൽ പോലും ! നിങ്ങൾ അത് വിസ്മയത്തോടെ കണ്ടുകൊണ്ടിരിക്കും, ചിരിച്ചുകൊണ്ടേയിരിക്കും, ഇത് നിങ്ങളുടെ ഹൃദയത്തെ കൊല്ലുന്നു. അപ്പോൾ, അല്ലാഹുവിന്റെ മഹത്വം നിങ്ങൾക്ക് ഹൃദയത്തിൽ അനുഭവിച്ചറിയുവാൻ കഴിയാതെ വരുന്നു. ആ ദിനത്തെ നിങ്ങൾ വിസ്മരിച്ചു കളയുന്നു. അതായത് വിധി ദിനത്തെ! നിങ്ങൾ സ്വയം ആ ദിനത്തിൽ അവന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. നരകത്തെക്കുറിച്ചും, ദൈവീക ശിക്ഷകളെക്കുറിച്ചുമുള്ള ധാരണകൾ നിങ്ങളിൽ നിന്നും അകത്തി കളയുന്നു. അത് മാത്രമല്ല നല്ല പ്രവർത്തനങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രതിഫലമായ സ്വർഗ്ഗത്തെക്കുറിച്ചുള്ള ധാരണയും നിങ്ങളിൽ നിന്നും നീങ്ങിപോകുന്നു. ഇപ്പോൾ നിങ്ങൾ സ്വയം ഈ ചോദ്യങ്ങൾ ചോദിക്കുക. നിങ്ങളുടെ ഹൃദയം എത്രത്തോളം കടുത്തുപോയി ? നിങ്ങളുടെ ഹൃദയങ്ങളുടെ മേൽ സാത്താൻ എത്രത്തോളം അധികാരം നേടികഴിഞ്ഞു ? നമ്മുടെ ജീവിതത്തിന്റെ യാഥാർത്ഥ്യം ഇസ്ലാം നമുക്ക് കാണിച്ചു തരുന്നു. ഭൂമിയിലെ നമ്മുടെ സാന്നിദ്ധ്യം, അല്ലാഹുവിനെ ആരാധിക്കുന്നതിനായി ജീവിക്കുവാനാണ്. കാരണം നാം അവന്റെ ദാസന്മാരാണ്. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും അവന്റെ നിയമം നാം നടപ്പിൽ വരുത്തേണ്ടതുണ്ട്. ഭൂമിയിലെ ജീവിതം വളരെ ചുരുങ്ങിയ കാലത്തേക്കാണ്. മരണം എന്ന അവിഭാജ്യ ഘടകത്തോടെ അതവസാനിക്കുന്നു. മരണാനന്തരം നാം അല്ലാഹുവിന്റെ കോടതിയിൽ ഹാജരാക്കപ്പെടുന്നതാണ്. നാം ചെയ്തതും പറഞ്ഞതുമായ ഓരോ വാക്കിന്റെയും പ്രവർത്തിയുടെയും കണക്ക് ഹാജരാക്കപ്പെടേണ്ടി വരും. അതിന് ശേഷം നമുക്ക് എത്തിച്ചേരുവാനുള്ളത് രണ്ട് സ്ഥലങ്ങളിലൊന്നിലാണ്. ഒന്നുങ്കിൽ നരകം, അല്ലെങ്കിൽ സ്വർഗ്ഗം. ടിവിയെ സംബന്ധിച്ച് വീണ്ടും ചിന്തിക്കുമ്പോൾ, ഭൂമിയിലെ നമ്മുടെ നിലനിൽപ്പിന്റെ യാഥാർത്ഥ്യത്തെ ടിവി മറപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, ജീവിതത്തെ പ്പറ്റി തെറ്റായ ചിത്രം നൽകുകയും ചെയ്യുന്നു. ടി വി നമ്മെ വിശ്വസിപ്പിക്കുന്നു, നമ്മൾ സ്വയം അധികാരികളാണെന്ന്, അത്തരം അധികാരങ്ങൾ നമ്മുടെ ഇഷ്ടമനുസരിച്ച് ഉപയോഗിക്കാമെന്നും ധരിപ്പിക്കുന്നു. ടി വിയുടെ സ്വാധീനം മൂലം ശരിയായ കഴിവോ യോഗ്യതയോ ഇല്ലാതെ വളരെ വലിയ ശമ്പളം ലഭിക്കുന്നു. അൽപ്പ ജോലിയും കൂടുതൽ ശമ്പളവും ലഭിക്കുമ്പോൾ കാർ, വീട്, സുഖപ്രദമായ ജീവിതം, ചൂത് കളികളിലും, വിനോദങ്ങളിലും മുഴുകി സന്തോഷവാനായി ജീവിതം നയിക്കുന്നു. ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്, കുടുംബ നാഥനും കുടുംബാംഗങ്ങളും തമ്മിൽ സംസാരിക്കുകയും പരസ്പരം അറിയുകയും മനസ്സിലാക്കുകയും ചെയ്യണമെന്നാണ്. ഓരോരുത്തരും നന്മ കൽപ്പിക്കുകയും ചീത്ത നിരോധിക്കുകയും ചെയ്യണം. അങ്ങനെയായാൽ നമ്മിൽ സ്നേഹ വാത്സല്യങ്ങൾ നിലനിൽക്കും. ടിവിയുടെ സ്വാധീനത്താൽ ഇത്തരം സ്നേഹ സല്ലാപങ്ങൾക്ക് സമയമില്ലാതെ വന്നിരിക്കുന്നു. പരസ്പര ഉപദേശങ്ങളും സ്നേഹ വാത്സല്യങ്ങളും അപ്രത്യക്ഷമാകുന്നു. ജനങ്ങൾ ഇന്ന് തങ്ങൾക്ക് ഇഷ്ടപ്പെട്ട പരിപാടികളിൽ വ്യാപൃതരാണ്. അവരുടെ ആൾക്കാരുമായി സംസാരിക്കുവാൻ സമയം കിട്ടുന്നില്ല. സ്കൂളിലെ അഥവാ മദ്രസയിലെ പഠനത്തെക്കുറിച്ച് കുട്ടികളോട് സംവദിക്കുവാൻ രക്ഷകർത്താക്കൾക്ക് സമയം കിട്ടുന്നില്ല. വീട്ടിലേക്ക് വരുമ്പോൾ സുഹൃത്തുക്കളോട് പോലും സംസാരിക്കുവാൻ സമയം കിട്ടുന്നില്ല. കുട്ടികൾ / യുവാക്കൾ തങ്ങളുടെ രക്ഷിതാക്കളോട് ഉപദേശങ്ങൾ തേടാറില്ല. അവരുടെ അനുഭവങ്ങളിൽ നിന്നുള്ള പ്രയോജനങ്ങൾ നേടാൻ ശ്രമിക്കാറില്ല. ടിവി മൂലം ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള അവസരം പോലും നഷ്ടപ്പെട്ടു പോകുന്നു. സ്നേഹ വാത്സല്യങ്ങൾ വീട്ടിൽ നിന്നും അപ്രത്യക്ഷമാകുന്നതിന്റെ മറ്റൊരു കാരണമാണിത്. ഒരാളും മറ്റൊരാളുടെ പ്രശ്നം മനസ്സിലാക്കുന്നില്ല. ഒരാളും ഒരു വ്യക്തിയെയും മനസ്സിലാക്കുവാൻ ശ്രമിക്കുന്നില്ല. ഈ വിഷയം ഇന്നിവിടെ അവസാനിപ്പിക്കുയാണ്. (ഈ വിഷയം വളരെ വിശാലമായതാണ്, അത് മൂന്ന് ഖുത്തുബ കൊണ്ട് അവസാനിപ്പിക്കാവുന്ന

തുമല്ല) ഒരു മുസ്ലീം ബുദ്ധിമാനായ വ്യക്തിയായിരിക്കണമെന്നാണ് കരുതപ്പെടുന്നത്. തനിക്ക് പ്രയോജനമുള ളതെന്താണെന്നും പ്രയോജനമില്ലാത്തതെന്താണെന്നും അവൻ തിരിച്ചറിയണം.തന്റെ തന്നെ നാശത്തിലേക്ക് നയിക്കുന്ന കാര്യങ്ങളുമായി ഒരു മുസ്ലീം സമരസപ്പെട്ടു പോകരുത്. അത് ഇഹലോക കാര്യങ്ങളാകട്ടെ, പര ലോക കാര്യങ്ങളാകട്ടെ ! ദീർഘമായ നിദ്രയിൽ നിന്നുണരുവാൻ ഇനിയും സമയമായിട്ടില്ലേ ? ജീവിതത്തെ ഒരു കളിവസ്തുവായി കരുതുന്നത് അവസാനിപ്പിക്കുവാൻ സമയമായില്ലേ ?

ഈ യാഥാർത്ഥ്യങ്ങൾ നമ്മുടെ ഹൃദയത്തിൽ തുളച്ചു കയറുവാനായി ഞാൻ പ്രാർത്ഥിക്കുന്നു. അത നുസരിച്ച് പ്രവർത്തിക്കുവാൻ കഴിയട്ടെ. അതിലൂടെ മാത്രമേ നമ്മുടെയും നമ്മുടെ കുട്ടികളുടെയും ഭാവി സുരക്ഷിതമാക്കുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഭവനങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുന്ന ആ വലിയ സാത്താനെ നേരിടുവാൻ നമുക്ക് കഴിയണം. രക്ഷകർത്താക്കൾ ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തി ക്കണം. നിങ്ങളുടെ കുട്ടികളുടെ ഒരു വഴികാട്ടിയായി തീരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ? അതല്ല അവരെ വഴിതെറ്റിക്കുവാനുള്ള ഒരു വഴിയാണോ നിങ്ങൾ ആഗ്രഹിക്കുന്നത് ? എല്ലാവിധ സാത്താനിക സ്വാധീ നങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുവാനായി നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം ഇൻശാ അല്ലാഹ് ആമീൻ.

## ഇസ്ലാമിനെതിരിൽ കുറ്റകരമായ വെറുപ്പ്

2015 നവംബർ 13 ന് പാരീസിൽ സംഭവിച്ചതെന്തെന്ന് നമുക്കൊക്കെ അറിയാം. തീവ്രവാദി ആക്രമ ണത്തെതുടർന്ന് 129 പേർ മരണപ്പെട്ടു. 350ൽപ്പരം ആളുകൾക്ക് മുറിവേറ്റു. ഈ സംഭവത്തിവു ശേഷം കഴിഞ്ഞ മാസം തന്നെ അമേരിക്കയിൽ മറ്റു ചില ആക്രമണങ്ങൾ നടന്നു. പാരീസ് ആക്രമണത്തിന് ശേഷം ഏതാനും മണിക്കൂറുകൾക്ക് ശേഷം ഏതാനും ആളുകൾ മെറിഡെൻ, കണക്ടികട്ടിലെ, ബൈത്തുൽ അമാൻ അഹ്മദി പള്ളി ആക്രമണത്തിന് വിധേയമാക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആളപായമൊന്നു മുണ്ടായില്ല. എന്നാൽ പള്ളികൾക്കുമേലുള്ള ഈ ആക്രമണം, അത് അഹ്മദിയ്യാ പള്ളിയാകട്ടെ, മറ്റു പള്ളി കളാകട്ടെ ഇസ്ലാമിക കേന്ദ്രങ്ങളാകട്ടെ, അമേരിക്കയിലോ ലോകത്തിലെ മറ്റിതര ഭാഗങ്ങളിലോ ആകട്ടെ, ഇത് സർവ്വസാധാരണമായി തീർന്നിരിക്കുകയാണ്. ഇസ്ലാമിനെതിരിലുള്ള ഒരു പ്രതികാര നടപടിയായി ഇതിനെ എടുത്തുകാണിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇസ്ലാമിനെയും അതിന്റെ അധ്യാപനങ്ങളെയുമാണ് അവർ പഴിചാരുന്നത്!

ഏറ്റവും മോശമായ ഒരു കാര്യം പറയാതിരിക്കുവാൻ നിർവ്വാഹമില്ല. ഇപ്പോൾ അമേരിക്കയിൽ പ്രസി ഡന്റ് സ്ഥാനാർത്ഥികളായി വിവേക ശൂന്യരായ ഏതാനും ആളുകൾ നിൽക്കുന്നു. ഉദാഹരണത്തിന് ഡൊനാൾഡ് ട്രംമ്പ്, റിപ്പബ്ലികൻ നേതാവാണ്. അദ്ദേഹം പാരീസ് ആക്രമണത്തെ തന്റെ രാഷ്ട്രീയ പ്രചാരണ ത്തിന് ആയുധമാക്കുന്നു. അമേരിക്കകാർ അദ്ദേഹത്തിന് വോട്ടു ചെയ്തു വിജയിപ്പിച്ചാൽ, മുസ്ലീങ്ങളുടെ മേൽ രഹസ്യന്വേഷണം നടത്തുകയും മുസ്ലീങ്ങൾ അമേരിക്കയിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഇസ്ലാമിനെതിരിലും മുസ്ലീങ്ങൾക്കെതിരിലും വെറുപ്പുളവാക്കുന്ന അദ്ദേ ഹത്തിന്റെ പ്രസംഗം അദ്ദേഹത്തിന്റെ തന്നെ രാഷ്ട്രീയ പ്രസ്ഥാനത്തിന് അപമാനകരമായി തീരുകയുണ്ടാ യി. അദ്ദേഹം പറഞ്ഞതിനെതിരിൽ അദ്ദേഹത്തിന്റെ ആളുകൾ തന്നെ തിരിഞ്ഞു. അമേരിക്ക നിലകൊള്ളു ന്നത് മതസ്വാതന്ത്രത്തിനും, ജന സ്വാതന്ത്ര്യത്തിനും, ആശയ പ്രകടന സ്വാതന്ത്ര്യത്തിനും വേണ്ടിയാണ്. അദ്ദേ ഹത്തിനും അദ്ദേഹത്തെ പോലുള്ളവർക്കും ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. തങ്ങളുടെ വാദത്തിൽ നിന്ന് പിന്മാറുകയും തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഇസ്ലാമിനും മുസ്ലീങ്ങൾക്കുമെ തിരിൽ ശത്രുതാപരമായ സംസാരങ്ങൾ തുടരുകയാണെങ്കിൽ, അല്ലാഹു (ത) അത്തരം ആളുകളെ പിടിച്ച് കഠിനമായി ശിക്ഷിക്കുകയും അപമാനിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തെ കൈകാര്യം ചെയ്യുന്നത് അല്ലാഹു (ത) തന്നെയായിരിക്കും. കാരണം ഭീകരവാദത്തിന് മതമില്ല. ഭീകരവാദം ഭീകരവാദം തന്നെയാണ്. ഭീകരവാദം ഇസ്ലാമിലില്ല, ക്രിസ്തുമതത്തിലില്ല, ജൂതമതത്തിലില്ല, ബുദ്ധമതത്തിലില്ല, ഹിന്ദുമതത്തിലില്ല തുട

ങ്ങിയ ഒരു മതങ്ങളിലുമില്ല. ഭീകരവാദികൾ എല്ലാ രൂപങ്ങളിലും, എല്ലാ സംസ്കാരങ്ങളിലും എല്ലാ മതങ്ങളിലും നിലനിൽക്കുന്നു. ജനങ്ങൾ ഇസ്ലാമിന്റെ അധ്യാപനങ്ങൾ പിൻതുടരുന്നില്ലെങ്കിൽ, അതുപോലെ മറ്റ് മതങ്ങളിലുള്ളവരും അത് പിൻതുടരുന്നില്ലെങ്കിൽ, ആ മതങ്ങളെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. വിശിഷ്യാ ഇസ്ലാം അതിന്റെ സവിശേഷമായ അധ്യാപനങ്ങൾകൊണ്ട് ധന്യമാണ്. ആയതിനാൽ, പിശാചിന്റെ കാലടികളെ പിൻതുടരുന്നവർ, അല്ലാഹുവിന്റെയോ അവന്റെ ദൂതനായ മുഹമ്മദ് (സ) യുടെയോ മാർഗ്ഗനിർദ്ദേശങ്ങളെ പിൻപറ്റാതെ, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയുടെ മാർഗ്ഗദർശനം സ്വീകരിക്കാതെ പോകുന്നവർ, വഴികേടിൽ തന്നെയായിരിക്കും. ലോകത്തിന്റെ മുമ്പിൽ ഇസ്ലാമിന്റെ പ്രതിച്ഛായ അവരിലൂടെ നശിപ്പിക്കുന്നതാണ്. എന്നാൽ അല്ലാഹു വലിയവനാണ്. അവന്റെ നീതി ഏറ്റവും നല്ല നീതിയുമാണ്. പൈശാചിക ശക്തികളുടെ ആക്രമണത്തിൽ നിന്ന് അല്ലാഹുവിന്റെ ദാസന്മാർ, അല്ലാഹുവിൽ അഭയം തേടികൊള്ളണം. ഇസ്ലാമിന്റെ പൊയ്മുഖധാരികളായ കപട സംരക്ഷകരോടൊപ്പം ചേരാതെ ! മറ്റു മതവിശ്വാസികളും അപ്രകാരം തന്നെയാണ് ചെയ്യേണ്ടത് !

ഒരുദാഹരണം നോക്കൂ:- കഴിഞ്ഞ ഞായറാഴ്ച, 13 ഡിസംബർ 2015, ചിലവിവേക ശൂന്യരായ ആളുകൾ, കാലിഫോർണിയ്ക്ക് തെക്കുള്ള ഹാത്തോണിലെ രണ്ടു മുസ്ലീം പള്ളികൾ, അന്നേ ദിവസം രാത്രിയിൽ നശിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായി. അതിലെ ഒരു പള്ളി അഹ്മദിയാ മുസ്ലീങ്ങളുടെ ബൈത്തുസ്സലാം പള്ളിയായിരുന്നു. നാശം വരുത്തിയതിന്റെ ഭാഗമായി ഭിത്തികളിൽ കുത്തി വരയ്ക്കുകയും, പള്ളിയുടെ കവാടത്തിൽ ജീസസ്സ് എന്ന് പെയിന്റ് ചെയ്യുകയും ഒരു പ്ലാസ്റ്റിക് ഗ്രനേഡ് പള്ളി സ്ഥലത്തേക്ക് വലിച്ചെറിയുകയും ചെയ്തു. മുസ്ലീങ്ങളെ ഭയപ്പെടുത്തുന്നതിനായിട്ടാണിത് ചെയ്തത്. ഇവിടെ അഹ്മദി മുസ്ലീങ്ങളായിരുന്നു. ഭീകരവാദികൾ അവിടെ വളരെ മോശമായ പ്രവർത്തികളാണ് ചെയ്തത്. ഹാത്തോണിലെ ഇസ്ലാമിക് സെന്റർന് സർവ്വ നാശം വരുത്തുകയുണ്ടായി. അവർ അവിടെ എഴുതിവച്ചു. - യേശുവാകുന്നു വഴി-

അവിടെ സംഭവിച്ചത് ദുഃഖകരം തന്നെ. അഹ്മദീ മുസ്ലീകളും മറ്റെല്ലാ മുസ്ലീങ്ങളും ഒരു നിമിഷം ചിന്തിക്കേണ്ട സമയം തന്നെയാണിത്. നമ്മുടെ അവസ്ഥയെക്കുറിച്ച് ! നാം ഒന്നായി തീരുന്നില്ലെങ്കിൽ, മറ്റുളവർ അവരുടെ ശത്രുത നിമിത്തം നമ്മുടെമേലുള്ള ആക്രമണം തുടരുന്നതാണ്. അഹ്മദികൾക്ക് പ്രത്യേകമായ ഒരു പാഠം ഇതിലുണ്ട്. നിങ്ങൾ ഓർക്കുന്നുണ്ടാകും, മൗറീഷ്യസിലെ അഹ്മദികളെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങൾ ഉണ്ടായപ്പോൾ, അല്ലാഹു (ത) എന്നിലൂടെ വെളിപാട് അറിയിക്കുകയുണ്ടായി. (2000ൽ) ഈ അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കുവാനും അവന്റെ ഗുണങ്ങളെ പ്രകീർത്തിക്കുവാനും ! ദൗർഭാഗ്യവശാൽ അല്ലാഹു പറഞ്ഞത് ശ്രദ്ധിക്കുന്നതിനു പകരം, അല്ലാഹുവിന്റെ വിളിക്ക് അനുകൂലമായി ഉത്തരം ചെയ്യുന്നതിന് പകരം ആ വെളിപാടുകളെ അവർ പരിഹസിക്കുകയുണ്ടായി. (അല്ലാഹുവിന്റെ നാമങ്ങളെയും) എന്നിട്ട് എനിക്കെതിരിൽ ഗൂഢാലോചന നടത്തി, എന്നിൽ വിശ്വസിച്ച എല്ലാവരെയും, നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കുകയുണ്ടായി. അവർക്കുണ്ടായ നാണക്കേട് എത്ര വലുതാണ്!ലോകത്തിന്റെ മുമ്പിൽ പ്രബോധിച്ച സ്നേഹം അവർ പ്രവർത്തി പഥത്തിൽ കൊണ്ടു വന്നില്ല. അവരുടെ തന്നെ അഹ്മദി സഹോദരന്മാരോട് സ്നേഹത്തിന്റെ ഒരു നല്ല പ്രതിച്ഛായ സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ അഹ്മദികൾ മറ്റു മുസ്ലീങ്ങളുടെ കൈകൾകൊണ്ടു മാത്രമല്ല പീഢനങ്ങൾ അനുഭവിക്കുന്നത്, മറിച്ച്, ആധുനിക ലോകത്ത്, ക്രിസ്ത്യൻ ഭൂരിപക്ഷത്തു നിന്നും ജൂതരിൽ നിന്നും, മറ്റു മത വിശ്വാസികളിൽ നിന്നും ഇസ്ലാമിനെതിരിൽ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഇസ്ലാം സമാധാനമാകുന്നു. അതിൽ ഒരു സംശയത്തിനുമിടമില്ല. എന്നിരിക്കെ, നമ്മൾ മുസ്ലീങ്ങൾ എന്തുകൊണ്ടാണ്, മുഴുവൻ സമാധാനത്തിലായിരിക്കാതിരിക്കുന്നത് ? നാം ആദ്യമായി നമ്മളെ തന്നെയാണ് പഴിക്കേണ്ടത്, മറ്റുള്ളവരെ പഴിക്കുന്നതിന് മുൻപ് നമ്മുടെ കഷ്ടസ്ഥിതി അവർക്കറിയാം. നാം വിവിധ ചേരികളിലായതുകൊണ്ട് അവർക്ക് ഇഷ്ടം പോലെ നമ്മോട് പ്രവർത്തിക്കുവാൻ കഴിയും എന്നവർക്കറിയാം. ഹസ്രത് മുഹമ്മദ് (സ) കൊണ്ടു വന്ന ഐക്യത നിലനിൽക്കാത്തിടത്തോളം കാലം അറേബ്യയിൽ

ഏകീകൃത ശക്തിയായി ഒരുമിച്ചു നിന്നതുപോലെ, ഒരേ ലക്ഷ്യത്തിനായി, ഒരേ വിശ്വാസത്തിനായി, അതുപോലെ ഇസ്ലാം സ്വീകരിക്കാത്തവരോട് സഹിഷ്ണുതാ ഭാവത്തോടെയുള്ള പെരുമാറ്റം ഇവ വീണ്ടും ഉണ്ടാകത്തടത്തോളം ഇതു തുടരും. നമ്മുടെ പ്രിയപ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) യും ഖുലഫാഉർറാശിദീങ്ങളും മറ്റുള്ളവരുടെ വിശ്വാസങ്ങളെ ആദരിച്ചിരുന്നു. മതത്തിൽ യാതൊരു നിർബന്ധവുമില്ല എന്നതായിരുന്നു അവരുടെ വിശ്വാസം. ആ സമയത്ത് പല സ്ഥലങ്ങളും ആക്രമണ വിധേയമായിട്ടുണ്ട് എന്നത് സത്യമാണ്. റോമാക്കാരും, പേർഷ്യക്കാരുമൊക്കെ അപ്രകാരം ചെയ്തിട്ടുണ്ട്. ഇത് അന്നുണ്ടായിരുന്ന സാധാരണ സംഭവം മാത്രം! എന്നാൽ യഥാർത്ഥ മുസ്ലീങ്ങൾ, അതെ ! യഥാർത്ഥ മുസ്ലീങ്ങൾ, ഇസ്ലാം മതം സ്വീകരിക്കുവാൻ ഒരു സമ്മർദ്ദവും ആരുടെ മേലും ഒരിക്കലും ചെലുത്തിയിട്ടില്ല എന്നതാണ് സത്യം. ഇതിലാണ് യഥാർത്ഥത്തിൽ ഇസ്ലാമിന്റെ സൗന്ദര്യം പ്രകടമാകുന്നത്. മുസ്ലീംകൾ, ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) നിങ്ങളുടെ മേൽ ചൊരിഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളെ എല്ലാ വിഭാഗം ജമാഅത്തുകളും തിരിച്ചറിയണം. അതിനായി ഞാൻ പ്രാർത്ഥിക്കുന്നു. അവൻ വാഗ്ദാനം ചെയ്തതുപോലെ, അവൻ അവന്റെ ഖലീഫയെ അയച്ചിരിക്കുന്നു. നിങ്ങളെയെല്ലാവരെയും ഒന്നാക്കി തീർക്കുവാൻ. ഈ സന്ദേശം ഞാൻ എത്തിക്കുന്നു. നിങ്ങൾക്ക് പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. ഇത് നിങ്ങളുടെ ഭൗതികവും ആത്മീയവുമായ പുരോഗതിയ്ക്കു വേണ്ടിയാണ്. ഇസ്ലാമിന്റെ മഹത്വം ഒരു സന്ദിഗ്ധ ഘട്ടത്തിലാണ്. നാം മുസ്ലീംകൾ ഒരൊറ്റ സംഘമായി നിലകൊള്ളണം ! ഒരു ശബ്ദമായി നിലനിൽക്കണം! ഇസ്ലാമിന്റെയും മുഹമ്മദ് (സ) ന്റെയും സുന്ദരമായ അധ്യാപനങ്ങളുടെ സംരക്ഷണത്തിനായി ! ഇൻശാ അല്ലാഹ്. ആമീൻ.

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*